**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5062** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഗ്രൂപ്പ് വില്ലേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ഗ്രൂപ്പ് വില്ലേജുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം-03, എറണാകുളം-06, തൃശ്ശൂർ-71, കാസർഗോഡ്-44 ഉൾപ്പെടെ സംസ്ഥാനത്ത് ആകെ 124 ഗ്രൂപ്പ് വില്ലേജുകൾ ഉണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ചിട്ടുണ്ടെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രൂപ്പ് വില്ലേജുകൾ ഒന്നും തന്നെ വിഭജിച്ചിട്ടില്ലാത്തതാണ്. |
| (സി) | എറണാകുളം ജില്ലയിൽ എത്ര ഗ്രൂപ്പ് വില്ലേജുകൾ ഉണ്ടെന്നും എത്രകാലമായി ഇങ്ങനെ തുടരുന്നുവെന്നും വ്യക്തമാക്കാമോ; | (സി) | എറണാകുളം ജില്ലയിൽ നിലവിൽ 6 ഗ്രൂപ്പ് വില്ലേജുകൾ ഉള്ളതും, താലൂക്കുകൾ നിലവിൽ വന്നതു മുതൽ ഗ്രൂപ്പ് വില്ലേജുകളായി നിലനിൽക്കുന്നതുമാണ്. |
| (ഡി) | പ്രസ്തുത ജില്ലയിൽ എപ്പോഴെങ്കിലും ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം നടന്നിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എപ്പോഴാണെന്നും ആയതിന് ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (ഡി) | പ്രസ്തുത ജില്ലയിൽ ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം നടന്നിട്ടില്ലാത്തതാണ്. |
| (ഇ) | പ്രസ്തുത ജില്ലയിൽ നിലവിലുള്ള ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കാൻ എത്ര ചെലവ് വേണ്ടി വരുമെന്നും ഈ തുക കണ്ടെത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (ഇ) | സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ ഗ്രൂപ്പ് വില്ലേജ് വിഭജനം സാധ്യമാകുവെന്നതിനാൽ ഇതിനുവേണ്ടി വരുന്ന ചെലവും മറ്റുമുള്ള വിഷയങ്ങൾ പരിശോധിച്ചിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ